നോവലെറ്റ് 2

# മഞ്ഞിലക്കാട്ടിലെ കുരങ്ങൻ വൈദ്യർ

• അനൂപ് അനന്തൻ

ഇതിനിടെ, ടിങ്കുകുരങ്ങൻ അന്വേഷണം ആരംഭിച്ചു. എവിടെ നിന്നാണ് വൈദ്യർ മരുന്നിനെക്കുറിച്ച് പഠിച്ചതെന്നായിരുന്നു അറിയേണ്ടിയിരുന്നത്. അന്വേഷണത്തിനിടെ, പല പുതിയ കഥകളും കേൾക്കാൻ തുടങ്ങി.

കാട്ടിൽ പച്ചിലമരുന്ന് തേടി വന്ന വൈദ്യരുടെ കൂടെ ഗ്രാമങ്ങളിൽ പോയി പഠിച്ചതാണെന്ന്. കുട്ടിക്കാലത്ത് ആദിവാസികൾ വളർത്തിയെന്നും അവരുടെ പല കഴിവുകളും വൈദ്യർ സ്വന്തമാക്കിയെന്നും. ചിലർ പറയുന്നത്, മഞ്ഞിലമരത്തിന്റെ തടിയിൽ നിന്നും ലഭിക്കുന്നതാണിതെന്ന്. വേറെ ചിലരാകട്ടെ, പാരമ്പര്യമായി ലഭിച്ച അറിവാണെന്നും പറയുന്നു.




## ബാബക്കരികിൽ

▶▶ബ്രിട്ടന്റെ ആദ്യത്തെ പ്രധാനമന്ത്രി- വാൽപോൾ

കുരങ്ങൻ വൈദ്യരുടെ പ്രശസ്തി ടിങ്കുകുരങ്ങിന് ഒട്ടും സഹിച്ചില്ല. ആ രഹസ്യം എത്രയും വേഗം കണ്ടുപിടിക്കാൻ തന്നെ അവൻ തീരുമാനിച്ചു. ഇതിനായി, കാട്ടിലെ ബാബ എന്ന പേരിൽ അറിയപ്പെടുന്ന ഏറ്റവും മുതിർന്ന കുരങ്ങിനടുത്തെത്തി. ഒരു തണൽ മരത്തിൻെറ ചുവട്ടിൽ പാതി കടിച്ച ഏതോ പഴവും പിടിച്ച് ഉറങ്ങുകയാണ് ബാബ.

കാടായ കാടുകളിലെല്ലാം ബാബയെ അറിയുന്നവരുണ്ട്. എല്ലാവരുമായി നല്ല ചങ്ങാത്തമാണ്. മുമ്പ് ആരെങ്കിലും കെണിയിൽപ്പെട്ടാൽ രക്ഷിക്കാനെത്തുകയാണ് ബാബയുടെ ഇഷ്ടവിനോദം. അതുകൊണ്ട് തന്നെ, രക്ഷകനെന്നാരു പേര് ബാബയ്ക്ക് കാട്ടിൽ പൊതുവായുണ്ട്. ഇപ്പോൾ പ്രായാധിക്യം കാരണം എങ്ങും പോകാറില്ല.

മഞ്ഞിലക്കാടിൻെറ തെക്ക് ഭാഗത്ത് കുറെ ബന്ധുക്കൾക്കൊപ്പമാണ് താമസം. വലിയ ശരീരമുള്ള ബാബയ്ക്കിപ്പോൾ മരത്തിൽ കയ



ബ്രിട്ടന്റെ ഇപ്പോഴത്തെ പ്രധാനമന്ത്രി- തെരേസ മെയ്

റാനൊന്നും വയ്യ. ബന്ധുക്കളാണ് ആശ്രയം. പിന്നെ ആരെങ്കിലും ചങ്ങാത്തം പുതുക്കാനെത്തിയാലായി. ബാബ ഉറങ്ങുന്നത് കുറെ നേരം ടിങ്കുനോക്കി നിന്നു. വിളിച്ചുണർത്തുന്നത് ശരിയല്ലെന്ന് തോന്നി. തൊട്ടടുത്ത മരത്തിന്റെ കൊമ്പിൽ കയറിയിരുന്നു.

അപ്പോഴാണ് ബാബയുടെ പേരക്കുട്ടികൾ കൂട്ടത്തോടെ ബഹളം ഉണ്ടാക്കി വരുന്നത് കണ്ടത്. അവരുടെ അടുത്തെത്തി ബാബയെ കാണാൻ വന്നതാണെന്ന് പറഞ്ഞു. ഇത് കേട്ടതോടെ കൂട്ടത്തിൽ ഏറ്റവും ചെറിയയാൾ ബാബയുടെ അടുത്തേക്ക് ഓടി.

ഇതിനിടെ ബാബ ഉണർന്നു. എല്ലാവരെയും ചേർത്തുപിടിച്ച് സ്നേഹം പ്രകടിപ്പിച്ചു. ടിങ്കു വിനയത്തോടെ അടുത്തെത്തി. കുരങ്ങൻ വൈദ്യരുടെ അടുത്തയാളാണെന്ന് പരിചയപ്പെടുത്തി. വർഷങ്ങളായി വൈദ്യരെ കണ്ടിട്ടെന്ന് ബാബ പറഞ്ഞു.

“തീരെ അവശത വരുമ്പോൾ വൈദ്യരെ കാണണമെന്ന് വിചാരിക്കും. പിന്നെ, വയ്യെന്ന് വെക്കും. എല്ലാം പ്രായത്തിന്റെ പ്രയാസങ്ങളാ”. പുതിയ തലമുറയിൽപ്പെട്ട ആരെയും അറിയില്ലെന്നും ബാബ പറഞ്ഞു. വൈദ്യരുടെ മരുന്നിന്റെ രഹസ്യം അറിയാനാ വന്നതെന്ന് ടിങ്കു പറഞ്ഞു. “പഴയ കാര്യങ്ങൾ പറഞ്ഞു തരാൻ ഞങ്ങൾക്ക് നിങ്ങൾ മാത്രമെ ഉള്ളൂ.” ബാബ ദൂരേക്ക് നോക്കി നിന്നു. “പഴയ കാര്യങ്ങൾ പലതും മനസിലുണ്ട്. എന്നാൽ, വൈദ്യരുടെ മരുന്നിന്റെ രഹസ്യമൊന്നും പിടിയില്ല.”

“ഏറെക്കാലം കാണാതായ വൈദ്യർ ഒരു ദിവസം രാവിലെ എല്ലാ രോഗങ്ങൾക്കും ഒറ്റമൂലി കൈക്കലുണ്ടെന്ന് പറഞ്ഞ് പ്രത്യക്ഷപ്പെടും. മഞ്ഞിലമരത്തിന്റെ തൊട്ടടുത്ത ഗുഹയിലാണ് വൈദ്യർ തനിച്ച് താമസിച്ചിരുന്നത്. മരുന്നിന്റെ രഹസ്യം നഷ്ടപ്പെട്ടുപോകുമെന്ന് ഭയന്ന് എല്ലാവരിൽ നിന്നും മാറിക്കഴിയുന്നതെന്ന് അക്കാലത്ത് പ്രചരണമുണ്ടായിരുന്നു. അന്നത്തെ കാട്ടുമൂപ്പന്മാർ പലരും ഭീഷണിപ്പെടുത്തി മരുന്ന് സ്വന്തമാക്കാനും മറ്റും ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല.

ഏതായാലും ആ ഒറ്റമൂലി കേമനാ. മരിച്ചയാൾക്ക് ജീവൻ കൊടുക്കുക എന്നതൊഴിച്ച് എല്ലാ കഴിവുമുള്ള മരുന്നാണത്. എത്ര പേരുടെ അസുഖങ്ങളാ മാറ്റിയതെന്നറിയുമോ. അക്കാലത്തും ആരൊക്കെയോ മരുന്നിന്റെ രഹസ്യങ്ങൾ തേടി നടന്നിരുന്നു. അവരുടെ ജീവിതം പാഴായി എന്നുമാത്രം.

മഞ്ഞിലമരത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അതും മരുന്നുമായി ബന്ധമുണ്ടെന്ന് പറയാൻ പറ്റില്ല.” ടിങ്കുവിന് വിഷമമായി. താൻ അറിയാൻ കൊതിച്ച രഹസ്യങ്ങൾ കിട്ടാൻ വഴിയില്ല. മനുഷ്യർക്കിടയിൽ നിന്ന് കാട്ടിൽ മരുന്നു പറിക്കാൻ വരുന്നവരെക്കുറിച്ച് അന്വേഷിച്ചു.

“മഞ്ഞിലക്കാടിന്റെ പടിഞ്ഞാറുഭാഗത്ത് തീർത്തും ഔഷധസസ്യങ്ങളാ. വൻ മരങ്ങളും ചെറുചെടികളുമായി നിരവധി. പഴയകാലത്ത് ചെറിയ അസുഖങ്ങൾ വന്നാൽ ആഭാഗത്ത് കുറെ ദിവസം കഴിഞ്ഞാൽതന്നെ രോഗം മാറുമെന്ന് പറയാറുണ്ട്. അവിടെ കാടിനാകെ ഔഷധങ്ങളുടെ മണമാ”. ഇത്, കേട്ടതോടെ ടിങ്കു കാടിന്റെ പടിഞ്ഞാറ് ഭാഗത്തേക്ക് പോകാനൊരുങ്ങി.

(തുടരും)